പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3241 21.08.2017-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാർ**

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ എത്ര എക്സിക്യൂട്ടീവ് ഡയറക്ടർമാർ നിലവിലുണ്ടെന്നും ഇവർ ആരെല്ലാമെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.റ്റി.സി.യിൽ നിലവിൽ അഞ്ച് എക്സിക്യൂട്ടീവ് ഡയറക്ടർമാരുണ്ട്.<br>1. ശ്രീ. എം. റ്റി. സുകുമാരൻ - എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) വാഹന വ്യൂഹങ്ങളുടെയും, പർച്ചേഴ്സ്, സ്റ്റോർ, എന്നിവയുടെയും മേൽ നോട്ടം.<br>2. ശ്രീ. കെ.എം. ശ്രീകുമാർ - എക്സിക്യൂട്ടീവ് ഡയറക്ടർ (ഭരണം) ഭരണസംബന്ധമായ കാര്യങ്ങളുടെ മേൽ നോട്ടം.<br>3. ശ്രീ. പി.എം. ഷറഫ് മുഹമ്മദ് – എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) അച്ചടക്ക നടപടി സ്വീകരിക്കൽ.<br>4. ശ്രീ. സി.വി. രാജേന്ദ്രൻ - എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് ആന്റ് വർക്ക്സ്) വാഹന വ്യൂഹങ്ങളുടെ പരിപാലനം.<br>5. ശ്രീ. ജി. അനിൽ കുമാർ - എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)-ന്റെ ചുമതലയുള്ള ചീഫ് ട്രാഫിക് മാനേജർ. സർവ്വീസ് ഓപ്പറേഷൻസ്. |
| (ബി) | എക്സിക്യൂട്ടീവ് ഡയറക്ടർമാർ വനിതാ ജീവനക്കാർ ഉൾപ്പെടെ ഉള്ള ജീവനക്കാരെ സ്ഥലം മാറ്റുകയും ഉദ്യോഗസ്ഥ പീഡനം നടത്തുകയും ചെയ്യുന്ന എന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; പെർമിറ്റ് നൽകുന്നതിലെയും സ്വകാര്യ ബസ്സുകളുമായി ജീവനക്കാർ ഒത്തുകളി നടത്തുന്നതായുമുള്ള ആക്ഷേപങ്ങൾ പരിഹരിക്കാൻ മാനേജ്മെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടപടികൾ പുരോഗമിച്ചുവരുന്നു. പെർമിറ്റ് നൽകുന്നതിലെയും സ്വകാര്യ ബസ്സുകളുമായി ജീവനക്കാർ ഒത്തുകളി നടത്തുന്നതായുമുള്ള ആക്ഷേപങ്ങളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ അംഗീകൃത സംഖ്യാബലം എത്രയാണ്; ഇനം തിരിച്ച് അറിയിക്കാമോ; അധിക ജീവനക്കാർ ഡിപ്പോകളിൽ ജോലി നോക്കുന്നുണ്ടോ; മാനേജ്മെന്റിന്റെ അനുമതിയില്ലാതെ ജോലി ചെയ്യുന്നവർ എത്രയെന്നും കേന്ദ്ര ഓഫീസിൽ ജോലി നോക്കുന്ന അധിക ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ 34028 സ്ഥിരം ജീവനക്കാരുണ്ട്. ഇവരുടെ തസ്തിക എണ്ണം എന്നിവ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. വാഹനങ്ങളുടെയും ഷെഡ്യൂളുകളുടെയും എണ്ണത്തിന് ആനുപാതികമായി നിലവിൽ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്നതിനാൽ ആയത് പുനഃക്രമീകരിച്ച് വരികയാണ്. ഈ സാഹചര്യത്തിൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് അനുസരിച്ച് മാത്രമേ നിലവിൽ ഡിപ്പോകളിൽ ജീവനക്കാർ അധികമാണോ അല്ലയോ എന്നും കേന്ദ്ര ഓഫീസിൽ അധിക ജീവനക്കാർ ഉണ്ടോ എന്നും കണക്കാക്കാൻ കഴിയുകയുള്ളൂ. അനുമതിയില്ലാതെ ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഇല്ല. |
| (ഇ) | കഴിഞ്ഞ ഒരു വർഷം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ റൂട്ട്, ആകെ വരുമാനം എന്നിവയും അവയുടെ അവസാന മാസത്തെ ട്രിപ്പും വരുമാനവും വ്യക്തമാക്കാമോ? | (ഇ) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | മിനിസ്റ്റീരിയൽ | സ്റ്റോർ | സിവിൽ | സ്റ്റേഷൻ മാസ്റ്റർ/ ഇൻസ്പെക്ടർ | കണ്ടക്ടർ | വെഹിക്കിൾ സൂപ്പർവൈസർ /എച്ച്.വി.എസ് | ഡ്രൈവർ | മെക്കാനിക്ക് | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 718 | 90 | 3 | 322 | 3183 | 74 | 3276 | 1521 | 9187 |
| 2 | കൊല്ലം | 221 | 29 | 0 | 102 | 1636 | 29 | 1258 | 474 | 3749 |
| 3 | പത്തനംതിട്ട | 87 | 16 | 0 | 59 | 515 | 16 | 643 | 207 | 1543 |
| 4 | ആലപ്പുഴ | 170 | 27 | 0 | 83 | 914 | 23 | 962 | 477 | 2656 |
| 5 | കോട്ടയം | 153 | 19 | 1 | 82 | 769 | 26 | 1018 | 333 | 2401 |
| 6 | ഇടുക്കി | 33 | 5 | 0 | 44 | 221 | 10 | 435 | 143 | 891 |
| 7 | എറണാകുളം | 201 | 31 | 1 | 108 | 1107 | 34 | 1721 | 725 | 3928 |
| 8 | തൃശ്ശൂർ | 103 | 12 | 1 | 59 | 548 | 21 | 800 | 277 | 1821 |
| 9 | പാലക്കാട് | 63 | 8 | 0 | 44 | 422 | 9 | 461 | 162 | 1169 |
| 10 | മലപ്പുറം | 89 | 11 | 0 | 40 | 384 | 11 | 463 | 311 | 1309 |
| 11 | കോഴിക്കോട് | 115 | 16 | 1 | 46 | 558 | 14 | 667 | 362 | 1779 |
| 12 | വയനാട് | 48 | 8 | 0 | 44 | 408 | 12 | 618 | 180 | 1318 |
| 13 | കണ്ണൂർ | 67 | 9 | 0 | 42 | 509 | 6 | 597 | 246 | 1476 |
| 14 | കാസറഗോഡ് | 34 | 2 | 0 | 32 | 268 | 5 | 347 | 113 | 801 |
| | ആകെ | **2102** | **283** | **7** | **1107** | **11442** | **290** | **13266** | **5531** | **34028** |

(signature)

സെക്ഷൻ ഓഫീസർ